പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 141

27.6.2011 ൽ
മറുപടിയ്ക്ക്

**ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.പി.സജീന്ദ്രൻ ; | ശ്രീ. റ്റി.എം. ജേക്കബ്<br>(ബഹു. ഭക്ഷ്യവും സിവിൽ സപ്ളൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പ് പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാം ; | എ) 1. സംസ്ഥാനത്ത് ബി.പി.എൽ കുടുംബ ങ്ങൾക്ക് കിലോയ്ക്ക് 1 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി സർക്കാരിന്റെ 100 ദിന പരിപാടികളിൽ ഉൾപ്പെടുത്തി 2011 ഓണത്തിന് മുമ്പായി നടപ്പിലാക്കുന്നതാണ്.<br>2. പുതിയ റേഷൻ കാർഡുകൾക്കും തിരുത്തലുകൾക്കുമായുള്ള കെട്ടികിടക്കുന്ന അപേക്ഷകളിൽ ഉടൻ തന്നെ തീർപ്പാക്കുന്നതിനും തുടർന്ന് അന്നന്നു തന്നെ അപേക്ഷകൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനുമുള്ള പദ്ധതി സർക്കാ രിന്റെ 100 ദിന പരിപാടികളിൽ ഉൾപ്പെടുത്തിയുണ്ട്.<br>3. 13 ഇനം അവശ്യസാധനങ്ങൾ റേഷൻ കടകളിലൂടെ വിൽക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്രസർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിൽ വരുത്താൻ വേണ്ടി 2745 റേഷൻ കടകളെ തിരഞ്ഞെടുത്തിട്ടുണ്ട്. 300 രൂപ വിലയുള്ള കിറ്റ് 150 രൂപയ്ക്ക് വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.<br>4. റേഷൻ കടകളുടെ നവീകരണം.<br>5. കൺസ്യൂമർ ഫോറങ്ങളെ ശക്തിപ്പെടുത്തുന്നതിനും അവയ്ക്ക് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതി.<br>6. പൊതുവിതരണസമ്പ്രദായത്തെക്കുറിച്ച് പൊതു ജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനായുള്ള പ്രചാര പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായത്തോടെയുള്ള പദ്ധതി.<br>7. സിവിൽ സപ്ളൈസ് വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തുന്നതിനായുള്ള പദ്ധതി. |

8. സപ്ലൈകോയുടെ ആഭിമുഖ്യത്തിലുള്ള മെഡിക്കൽ സ്റ്റോറുകളിലൂടെ മിതമായ വിലയ്ക്ക് ജീവൻരക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ള എല്ലാ മരുന്നുകളും വിതരണം ചെയ്യുന്നതാണ്.
9. സംസ്ഥാനത്ത് എല്ലാ താലൂക്കുകളിലും സപ്ലൈകോയുടെ ഉടമസ്ഥതയിൽ പെട്രോൾ ബങ്കുകൾ സ്ഥാപിക്കുന്ന താണ്.
10. എണ്ണ കമ്പനികളുമായി ബന്ധപ്പെട്ട് കൂടുതൽ എൽ.പി.ജി ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.
11. എല്ലാ ജില്ലകളിലും മൊബൈൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| ബി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ റേഷൻ കാർഡുടമകൾക്കും ഓണത്തിന് മുമ്പ് ഒരു രൂപയ്ക്ക് അരി വിതരണം ചെയ്യുമോ ; ഇല്ലെങ്കിൽ എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ? | ബി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ റേഷൻ കാർഡുടമകൾക്കും ഒരു രൂപ നിരക്കിൽ ഓണത്തിന് മുമ്പായി അരി വിതരണം ചെയ്യുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഓണത്തിന് മുമ്പ് തന്നെ പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ